**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5515** **03-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ് കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഗവ. ആശുപത്രികളിൽ കെ.എച്ച്.ആർ.ഡബ്ല്യു.എസ്. പേവാർഡ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി നിലവിലുള്ള പൊതുമാനദണ്ഡങ്ങൾ അറിയിക്കുമോ; | (എ) | പേവാർഡുകളുടെ വർദ്ധിച്ചുവരുന്ന ഉപഭോഗം മുൻ നിർത്തി ജനോപകാരപ്രദമായ രീതിയിൽ ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് ഉപയോഗപ്പെടുത്തി പേവാർഡുകളുടെ നിർമ്മാണം, നടത്തിപ്പ് എന്നിവയ്ക്കായി 1955ലെ ട്രാവൻകൂർ കൊച്ചിൻ ലിറ്റററി, സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത് 19.06.1973-ലെ ജി.ഒ(എം.എസ്) നം.146/73/HD ഉത്തരവ് പ്രകാരം കെ.എച്ച്.ആർ.ഡബ്ല്യൂ.എസ്. എന്ന സ്ഥാപനം നിലവിൽ വന്നു. പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ ആശുപത്രികളോട് ചേർന്ന് കിടക്കുന്ന സ്ഥലം 18.05.1960ലെ സർക്കാർ ഉത്തരവിലെ [(എം.എസ്) 258/60/ധന] വ്യവസ്ഥകൾക്ക് വിധേയമായി വേർതിരിച്ച് പേവാർഡുകളുടെ നിർമ്മാണത്തിനായി സൊസൈറ്റിക്ക് കൈമാറാൻ നിഷ്കർഷിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം സർക്കാർ ആശുപത്രികളുടെ ആവശ്യകതയും സ്ഥല ലഭ്യതയും അനുസരിച്ച് പേവാർഡുകൾ (ലാബ്, കാത്ത് ലാബ് തുടങ്ങിയവ ഉൾപ്പെടെ) കെ.എച്ച്.ആർ.ഡബ്ല്യൂ.എസ് നിർമ്മിച്ച് വരുന്നു. |
| (ബി) | പേവാർഡ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനായി കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ ആശുപത്രി അധികൃതരുടെയോ അനുമതി വാങ്ങുകയോ കരാറിൽ ഏർപ്പെടുകയോ ചെയ്യാറുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ആശുപത്രി അധികൃതരിൽ നിന്നും അനുവാദം വാങ്ങാറുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനവുമായോ ആശുപത്രി അധികൃതരുമായോ കരാറിൽ ഏർപ്പെടാറില്ല. |
| (സി) | എങ്കിൽ അടൂർ ജനറൽ ആശുപത്രിയിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടവുമായി ബന്ധപ്പെട്ട് കെ.എച്ച്.ആർ.ഡബ്ല്യു.എസ്. തദ്ദേശസ്വയംഭരണ സ്ഥാപനവുമായോ ആശുപത്രി അധികൃതരുമായോ | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനവുമായോ ആശുപത്രി അധികൃതരുമായോ കരാറിൽ ഏർപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഏതെങ്കിലും തരത്തിലുള്ള കരാറിൽ ഏർപ്പെട്ടതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ; | | |
| (ഡി) | അടൂർ ജനറൽ ആശുപത്രി വികസനത്തിനായി വിഭാവനം ചെയ്തിട്ടുള്ള മാസ്റ്റർ പ്ലാൻ അനുസരിച്ചുള്ള നിർമ്മാണത്തിന് തടസ്സമായി നിൽക്കുന്ന കെ.എച്ച്.ആർ.ഡബ്ല്യു.എസ്. കെട്ടിടം പൊളിച്ചുമാറ്റുന്നതിനുള്ള സാങ്കേതിക തടസ്സങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ; | (ഡി) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |
| (ഇ) | പ്രസ്തുത പേവാർഡ് പൊളിച്ച്മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ